## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

നെല്ല് സംഭരണം

4407 ഡോ: ടി. എം. തോമസ് ഐസക്
ശ്രീ. എം. ഹംസ
,, കെ. രാധാകൃഷ്ണൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ നെല്ല് സംഭരണത്തിന് വില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; നിലവിൽ സപ്ലൈകോ നൽകുന്ന വിലയെത്രയാണ്; സ്വകാര്യമില്ലുകൾ എന്തുവിലക്കാണ് സംഭരിക്കുന്നത്;

(ബി) നെല്ലു സംഭരണത്തിൽ സ്വകാര്യമില്ലുകളുടെ കടന്നുകയറ്റം സപ്ലൈകോയുടെ സംഭരണത്തെ ബാധിച്ചിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് മറികടക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പുഞ്ചകൊയ്ത്ത് സമയത്ത് കുട്ടനാട് നിന്ന് സംഭരിച്ച നെല്ലിന് കർഷകർക്ക് ഇനി എന്തു തുക കൊടുത്തു തീർക്കാനുണ്ട്; ഇത് ഉടൻ കൊടുത്ത് തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്താകെ കർഷകർക്ക് നൽകാനുള്ള സംഭരണ വില കുടിശ്ശിക എത്രയാണ്;

(ഇ) പൊതുമാർക്കറ്റിൽ അരിവില ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വില നൽകി നെല്ല് സംഭരിക്കാനും പൊതുവിതരണ ശൃംഖല വഴിയുളള അരിവിതരണം ശക്തിപ്പെടുത്താനും തയ്യാറാകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അരിവിഹിതത്തിലെ കുറവ്</u>

4408 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം ഭക്ഷ്യധാന്യങ്ങളുടെ വിഹിതം എത്ര ടൺ വീതമാണ് വെട്ടിക്കുറച്ചിരിക്കുന്നത് എന്ന് പറയാമോ; അധികമായി സംസ്ഥാനത്തിന് നൽകിയിരുന്ന അരിയും ഗോതമ്പും യഥാസമയം സംസ്ഥാനം എടുക്കാതിരുന്നിട്ടുണ്ടോ; വിവിധരീതിയിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങളിൽ കുറവുവന്നതുമൂലം കേരളത്തിലെ എ.പി.എൽ., ബി.പി.എൽ. കാർഡ് ഉടമകൾക്ക് നൽകുന്ന അരിയും ഗോതമ്പും എത്ര കിലോവീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) അരിവിഹിതം കേന്ദ്രം വെട്ടിക്കുറയ്ക്കുന്നതിന് മുമ്പ് കേരളത്തിലെ എ.പി.എൽ., ബി.പി.എൽ. കാർഡുടമകൾക്ക് ലഭിച്ചിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>റേഷന്‍ വിഹിതം ലാപ്സായ സാഹചര്യം</u>

4409 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രൂക്ഷമായ വിലക്കയറ്റം നേരിടുന്ന സാഹചര്യത്തില്‍ കേന്ദ്രം അനുവദിച്ച അരി, ഗോതമ്പ് വിഹിതങ്ങള്‍ ലാപ്സായ കാരണം വിശദമാക്കുമോ;

(ബി) അര്‍ഹതപ്പെട്ട ധാന്യങ്ങള്‍ വാങ്ങാത്തത് കുത്തകകളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) വിലക്കയറ്റം നിയന്ത്രിക്കാന്‍ കഴിയാത്തത് സര്‍ക്കാരിന്റെ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) വിലക്കയറ്റം നിയന്ത്രിക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഇ) മഴക്കാലം മുന്‍കൂട്ടിക്കണ്ട് ആവശ്യപ്പെടേണ്ടുന്ന സൗജന്യറേഷന്‍ ആനുകൂല്യങ്ങള്‍ മഴക്കാലം ആരംഭിച്ചതിനുശേഷം ആവശ്യപ്പെട്ടത് സര്‍ക്കാരിന്റെ കെടുകാര്യസ്ഥതയാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(എഫ്) റേഷന്‍ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ജൂണ്‍ 7-ന് അയച്ച കത്തിന്റെ തുടര്‍നടപടികള്‍ ത്വരിതപ്പെടുത്തി മണ്‍സൂണ്‍ കാലത്ത് തന്നെ ആവശ്യമായ റേഷന്‍ ആനുകൂല്യങ്ങള്‍ നേടിയെടുക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

എ. പി. എൽ / ബി. പി. എൽ കാർഡുകളിലെ മാറ്റം

4410 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൊയിലാണ്ടി താലൂക്ക് സപ്ലൈ ഓഫീസറുടെ കീഴിൽ എത്ര എ. പി. എൽ കാർഡുകൾ ബി. പി. എൽ ആക്കിയെന്നും എത്ര ബി. പി. എൽ കാർഡുകൾ എ. പി. എൽ ആക്കിയെന്നും വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കാർഡുകളിൽ മാറ്റം വരുത്തപ്പെട്ട കൊയിലാണ്ടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ ഉൾപ്പെട്ടവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>എ. പി. എൽ., ബി. പി. എൽ കാർഡ് മാറ്റം</u>

4411 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ ബി. പി. എൽ. കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എ. പി. എൽ. കാർഡുകൾ ബി. പി. എൽ. ആക്കി നൽകിയെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>വില വർദ്ധനവ്</u>

4412 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നിത്യോപയോഗ സാധനങ്ങൾക്ക് എത്ര ശതമാനം വില വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി</u>

4413 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ സർക്കാരിന് നിയന്ത്രണം നഷ്ടപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ശരിയായ അളവിൽ ഉപഭോക്താക്കൾക്ക് ലഭിക്കാത്തത് വിലക്കയറ്റത്തിന് കാരണമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനമില്ലായ്മ ഒരു കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് വിവരസാങ്കേതികവിദ്യ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>അവശ്യസാധനങ്ങൾ കുറഞ്ഞ നിരക്കിൽ നൽകാൻ നടപടി</u>

4414

ശ്രീ. വി. റ്റി. ബൽറാം
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ 50 ശതമാനം വരെ കുറഞ്ഞ നിരക്കിൽ നൽകാൻ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനായി ലഭിക്കുന്നത്;

(ഡി) ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ അരി നൽകാൻ നടപടി</u>

4415 ശ്രീമതി ജമീലാ പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
'' മാത്യു റ്റി. തോമസ്
'' സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കാർഡുടമകൾക്കാണ് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരി നൽകാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രതിമാസം എത്ര കാർഡ് ഉടമകളാണ് ഈ പദ്ധതി പ്രകാരം അരി വാങ്ങുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്യേണ്ട അരി റേഷൻ കടകളിൽ എത്താതെ വഴിക്കു വെച്ചു തന്നെ മറിച്ചു വില്ക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങളും അതിൻമേൽ സ്വീകരിച്ച നടപടികളും എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>പനി ബാധിതർക്ക് സൗജന്യ അരി</u>

4416 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പനി ബാധിതർക്ക് സിവിൽ സപ്ലൈസ് വകുപ്പ് സൗജന്യമായി അരി നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഓരോ കുടുംബത്തിനും എത്ര കിലോ വീതം ഏതൊക്കെ പ്രദേശങ്ങളിലാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

പാചക വാതക സബ്സിഡി ബാങ്ക് മുഖാന്തിരം

4417 ശ്രീ. സി. പി. മുഹമ്മദ്
'' പാലോട് രവി
'' കെ. മുരളീധരൻ
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചക വാതക സിലിണ്ടറിന്റെ കേന്ദ്ര സബ്സിഡി ബാങ്ക് മുഖാന്തിരം നൽകുന്ന സംവിധാനം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) ആധാർ കാർഡ് നമ്പർ ഉള്ളവർക്കുമാത്രം പ്രസ്തുത സംവിധാനം വഴി സബ്സിഡി വിതരണം ചെയ്താൽ ആധാർ കാർഡ് ഇനിയും ലഭിക്കാത്ത പാചക വാതക ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ അവസ്ഥ പരിഗണിച്ച് ആധാർ കാർഡിന് അപേക്ഷിക്കുമ്പോൾ ലഭിക്കുന്ന രശീതി നമ്പർ താൽകാലികമായി പരിഗണിച്ച് സബ്സിഡി നൽകുവാനും ഇവർക്ക് മൂന്നു മാസത്തിനുള്ളിൽ ആധാർ കാർഡ് എടുത്ത് തുടർന്നും സബ്സിഡി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എണ്ണക്കമ്പനികൾക്ക് വേണ്ട നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

പാചകവാതക വിതരണത്തിന് ഏജൻസികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

4418 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാപകവാതക വിതരണ ഏജൻസികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങശ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പാചകവാതക വിതരണത്തിലുള്ള ക്രമക്കേടുകൾ കണ്ടത്തുന്നതിന് കൈക്കൊളളുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇതിനായി നടത്തിയ റെയിഡുകൾ പ്രകാരം എത്ര ഏജൻസികളുടെ മേൽ ക്രമക്കേടുകൾ കണ്ടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ ഗാർഹികാവശ്യത്തിനുളള പാചകവാതക വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>അമിത വിതരണ കൂലി</u>

4419 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിന് ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര കിലോമീറ്റർ വരെ സൗജന്യമായി സിലിണ്ടർ വിതരണം ചെയ്യുമെന്നും, തുടർന്നുള്ള കിലോമീറ്ററുകൾക്ക് എത്ര തുക വീതമാണ് ഈടാക്കുന്നതെന്നും വിശദമാക്കുമോ;

(സി) ഉപഭക്താക്കൾക്ക് നേരിട്ട് ഏജൻസിയിൽ ചെന്ന് സിലിണ്ടറുകൾ സ്വീകരിക്കാമോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം സേവനങ്ങൾ ഉപഭക്താക്കൾക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ പരാതി പരിഹാരത്തിന് സമീപിക്കേണ്ടത് ആരെയാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>പാചകവാതകം - ഡെലിവറി ചാര്‍ജ്ജ്</u>

4420 ശ്രീ. സി. എഫ്. തോമസ്
'' മോന്‍സ് ജോസഫ്
'' റ്റി. യു. കുരുവിള
'' തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാചകവാതകം വിതരണം ചെയ്യുമ്പോള്‍ ഡെലിവറി ചാര്‍ജ്ജ് ഇനത്തില്‍ അമിത ചാര്‍ജ്ജ് ഈടാക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പാചക വാതക വിതരണത്തിലെ ക്രമക്കേടുകള്‍ സംബന്ധിച്ച് എന്തെങ്കിലും പരാതികള്‍ ലഭിക്കുകയോ, അത് സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തുകയോ, നടപടികള്‍ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>റേഷൻ വിതരണം</u>

4421 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണം കുറ്റമറ്റതാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റേഷൻ ഡിപ്പോകൾ ഏറ്റെടുത്ത് കമ്മീഷൻ സംവിധാനം ഒഴിവാക്കി വിതരണക്കാർക്ക് ശമ്പളം നൽകുന്ന വ്യവസ്ഥ നടപ്പിലാക്കുവാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ഇതിനു വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഗുണനിലവാര പരിശോധന നടത്തുവാൻ സംവിധാനം ഉണ്ടോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

റേഷൻ കാർഡുകൾ നൽകുന്നതിന് പദ്ധതി

4422 ശ്രീ. പാലോട് രവി
,, വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇവ നടപ്പാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പുതിയ റേഷൻ കടകൾ</u>

4423 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

മുണ്ടേരി, കൂട്ടമംഗലം എന്നിവിടങ്ങിൽ പുതിയ റേഷൻ കടകൾ

4424

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മുണ്ടേരി, കുട്ടമംഗലം എന്നിവിടങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റേഷൻ കടകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് നടപടി</u>

4425 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ചാർജ്ജുചെയ്തിട്ടുണ്ട്; എത്ര റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) റേഷൻ കടകളിൽ കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിന് വകുപ്പ്തലത്തിൽ തീരുമാനമെടുക്കുമോ; ആയത് നടപ്പിലാക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ റേഷൻ കടകൾ കമ്പ്യൂട്ടർവൽകരിക്കുന്നതിന് എത്ര തുക ചെലവുവരും?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

റേഷൻ കടകളിലും, അരി- മണ്ണെണ്ണ ഡിപ്പോകളിലും പരിശോധന

4426 ശ്രീ.എ.പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റേഷൻ കടകളിലും, ഹോൾസെയിൽ അരി, മണ്ണെണ്ണ ഡിപ്പോകളിലും ഭക്ഷ്യ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി എത്ര രൂപ പിഴയായി ഈടാക്കിയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി താലൂക്ക് സപ്ലൈ ഓഫീസറുടെ പരിധിയിൽ റേഷൻ കടകൾ</u>

4427 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് സപ്ലൈ ഓഫീസറുടെ പരിധിയിൽ എത്ര റേഷൻ കടകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ റേഷൻ കടയുടെയും പരിധിയിൽ എത്ര റേഷൻ കാർഡുകൾ ഉണ്ടെന്നും അവ ഏതെല്ലാം ആണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

ഒരു രൂപയുടെ അരി മറിച്ചുവിൽക്കുന്നതായ വാർത്ത

4428 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും**
**രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജൂൺ 12-ാം തീയതി കണ്ണൂർ ഇരിട്ടിയിൽ ഒരു രൂപയുടെ അരി മറിച്ചുവിൽക്കുന്നതായി വന്ന ദൃശ്യമാധ്യമങ്ങളിലെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ എത്രപേർക്കാണ് 2 രൂപയ്ക്ക് അരി വിതരണം ചെയ്തിരുന്നത്; നിലവിൽ എത്രപേർക്കാണ് ഒരു രൂപയ്ക്ക് അരി വിതരണം ചെയ്യുന്നത്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

റേഷന്‍ സാധനങ്ങള്‍ മറിച്ചു വിറ്റ കേസുകള്‍

4429 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയില്‍ റേഷന്‍ സാധനങ്ങള്‍ മറിച്ചു വിറ്റ എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കേസുകളില്‍ എത്ര ഭക്ഷ്യവകുപ്പ് ഉദ്യോഗസ്ഥര്‍ ഉള്‍പ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കേസുകളുടെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽപ്പന</u>

4430 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡുടമകൾ റേഷൻ കടകളിൽ നിന്നും വാങ്ങാത്ത മണ്ണെണ്ണ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ആയത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് റെയ്ഡ്</u>

4431 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന്റെ ഭാഗമായി കഴിഞ്ഞ രണ്ടുവര്‍ഷത്തിനിടയില്‍ എത്ര റെയ്ഡുകള്‍ നടത്തിയെന്നറിക്കുമോ ;

(ബി) പ്രസ്തുത റെയ്ഡില്‍ കടകളില്‍ കണ്ടെത്തിയ ക്രമക്കേടുകളും നടപടികളും എന്തൊക്കെയാണെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഓണചന്തകൾ

4432 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കഴിഞ്ഞ ഓണക്കാലത്ത് എത്ര ഓണചന്തകളാണ് സംസ്ഥാനത്ത് നടത്തിയത്;

(സി) ഈ ഓണക്കാലത്ത് എത്ര ഓണചന്തകൾ നടത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

സിവിൽ സപ്ലൈസ് - ഭക്ഷ്യവസ്തുക്കളുടെ വില

4433 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് വകുപ്പ് മുഖേനെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ 2010 മേയ്-ജൂൺ മാസത്തെ വിലയും 2013 മേയ്-ജൂൺ മാസത്തെ വിലയും അന്തരവും പ്രത്യേകം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 27.06.2013-ലെ മറുപടിക്ക്

<u>സപ്ലൈകോ ഔട്ട്ലറ്റുകളിലെ വിലനിലവാരം</u>

4434 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സപ്ലൈകോയുടെ ഔട്ട്ലറ്റുകള്‍ വഴി എത്ര ഇനം ഭക്ഷ്യ സാധനങ്ങളാണ് സബ്സിഡി നിരക്കില്‍ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ ഔട്ട്ലറ്റുകള്‍ വഴി സബ്സിഡി നിരക്കില്‍ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ 2006 മുതല്‍ ഓരോ വര്‍ഷത്തേയും വിലനിലവാരം വിശദമാക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>മാവേലി സ്റ്റോർ - വിലവിവര പട്ടിക</u>

4435 ശ്രീ. വി. എസ്. സുനിൽകുമാർ
,, വി. ശശി
,, കെ. രാജു
,, കെ. അജിത്

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലി സ്റ്റോറുകൾ വഴി എത്രയിനം സാധനങ്ങൾ ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്; ഈ സാധനങ്ങളുടെ വില വിവരം പരസ്യപ്പെടുത്തി ഉപഭോക്താക്കളെ അറിയിച്ചിരുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പുതിയ സൂപ്പര്‍ മാര്‍ക്കറ്റുകളും മാവേലി മെഡിക്കല്‍ സ്റ്റോറുകളും</u>

4436 ശ്രീ. ബെന്നി ബെഹനാന്‍
,, ജോസഫ് വാഴക്കന്‍
,, വി. ഡി. സതീശന്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയ സൂപ്പര്‍ മാര്‍ക്കറ്റുകളും മാവേലി മെഡിക്കല്‍ സ്റ്റോറുകളും തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ എന്തെല്ലാം ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

പുതിയ മാവേലി സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും

4437 ശ്രീ. കെ. മുരളീധരൻ
,, ലൂഡി ലൂയിസ്
,, റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ മാവേലി സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും ആരംഭിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവ ആരംഭിക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകൾ</u>

4438 ശ്രീ. സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എവിടെയൊക്കെയാണ് പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളത്;

(ബി) എവിടെയൊക്കെയാണ് ലാഭം മാർക്കറ്റുകൾ തുടങ്ങിയതെന്ന് വ്യക്തമാക്കാമോ ;

(സി) എവിടെയൊക്കെയാണ് പീപ്പിൾസ് ബസാറുകൾ ആരംഭിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ

4439 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 10 ലക്ഷം രൂപയിൽ കുടുതൽ വിറ്റുവരവുള്ള എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) അവ എവിടെയെല്ലാമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി</u>

4440 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കൽ പുതിയേടത്ത്പറമ്പിൽ ഒരു മാവേലി സ്റ്റോർ തുടങ്ങണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയുടെ സൂപ്പർമാർക്കറ്റുകളിൽ കുടുംബശ്രീ ഉല്പന്നങ്ങൾ</u>

4441 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ സൂപ്പർമാർക്കറ്റുകളിൽ കുടുംബശ്രീ ഉല്പന്നങ്ങളെ ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇരുപത് സൂപ്പർമാർക്കറ്റുകളിലെങ്കിലും ഉല്പന്നം വിതരണം ചെയ്യാൻ ശേഷിയുള്ള കുടുംബശ്രീ യൂണിറ്റുകളെ മാത്രം ലിസ്റ്റിൽ ഉൾപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കുമോ;

(സി) ചെറുകിട കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രസ്തുത മാനദണ്ഡം ഹാനികരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചെറുകിട കർഷകരെയും ഉല്പാദകരെയും ദോഷകരമായി ബാധിക്കുന്ന ഈ ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>മേപ്പയ്യൂർ സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ പൂഴ്ത്തിവെയ്പ്</u>

4442 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മേപ്പയ്യൂർ സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ സാധനങ്ങൾ പൂഴ്ത്തിവെച്ചതുമായി ബന്ധപ്പെട്ട് റെയ്ഡ് നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ റെയ്ഡ് എപ്പോഴാണ് നടത്തിയതെന്നും എന്തെല്ലാം ക്രമക്കേടുകളാണ് റെയ്ഡിൽ കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആരുടെയെല്ലാം പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്ന പദ്ധതി

4443 ശ്രീ. ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടനുബന്ധിച്ചും സിവിൽ സപ്ലൈസ് വകുപ്പിന്റെ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് നടപടി</u>

4444 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിന്റെ രൂപീകരണത്തിലൂടെ പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പൊതുവിതരണ സമ്പ്രദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ഉപഭോക്തൃ ഡയറക്ടറേറ്റിന്റെ സേവനം എത്രത്തോളം പ്രായോഗികമാണെന്ന് നിരീക്ഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>പൗരാവകാശരേഖ മോണിറ്ററിംഗ് സമിതികൾ</u>

4445 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ഉണ്ടായിരുന്ന പൗരാവകാശരേഖ മോണിറ്ററിംഗ് സമിതികൾ പ്രവർത്തനരഹിതമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പൗരാവകാശരേഖ മോണിറ്ററിംഗിനുള്ള ജനകീയ സമിതികൾ പുനസംഘടിപ്പിച്ച് പുനരാരംഭിക്കുവാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

രജിസ്ട്രേഷൻ ഫീസിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും ഇളവ്

4446 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രജിസ്ട്രേഷൻ ചാർജിൽ ഇളവു നൽകി എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ:

(ബി) രജിസ്ട്രേഷൻ ഇളവു നല്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) രജിസ്ട്രേഷൻ ഫീസിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും ഇളവ് നൽകിയ സ്ഥാപനങ്ങൾ, വ്യക്തികൾ, എന്താവശ്യത്തിന് ഇളവ് നൽകി, എന്നിവ വിശദമാക്കുമോ;

(ഡി) ഇളവു നൽകിയില്ലായിരുന്നുവെങ്കിൽ, സർക്കാർ നിശ്ചയിച്ചിട്ടുള്ള വില പ്രകാരം രജിസ്ട്രേഷൻ ഫീസായും സ്റ്റാമ്പ് ഡ്യൂട്ടിയായും എത്ര തുക കിട്ടുമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) രജിസ്ട്രേഷൻ ഫീസിലും മുദ്രപത്രത്തിലും ഇളവ് തരുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സബ്‌രജിസ്ട്രാർ ആഫീസുകളിലെ സേവന ഫീസും - ന്യായ വില രജിസ്റ്ററിലെ അപാകതകളും</u>

4447 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
" കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വസ്തു കൈമാറ്റ രജിസ്ട്രേഷൻ വഴിയുള്ള വരുമാനം കുറഞ്ഞുവരുന്നുണ്ടോ; 2013 മേയ് മാസത്തിൽ രജിസ്ട്രേഷൻ വഴിയുള്ള വരുമാനം എത്രയായിരുന്നു; ഇത് മുൻ മാസങ്ങളെ അപേക്ഷിച്ച് കൂടുതലോ, കുറവോ എന്ന് വ്യക്തമാക്കുമോ;

(ബി) സബ്‌രജിസ്ട്രാർ ആഫീസുകളിലെ സേവനങ്ങളുടെ ഫീസ് നിരക്ക് അമിതമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും വ്യക്തമാക്കുമോ;

(സി) ന്യായവില രജിസ്റ്ററിലെ അപാകതകൾ ഇതുവരെ പരിഹരിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നതിന് നടപടി</u>

T4448

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് സഹകരണ സംഘം, ചാലക്കുടിയുടെ ഓഫീസ് ആവശ്യത്തിനായി വാങ്ങുന്ന സ്ഥലത്തിന്റെ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കികിട്ടുന്നതിനുള്ള, സംഘത്തിന്റെ അപേക്ഷയിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

ഭാഗപത്രങ്ങളുടെ രജിസ്ട്രേഷന്‍ ഫീസ് കുറയ്ക്കാന്‍ നടപടി

4449 ശ്രീ. ജോസഫ് വാഴക്കന്‍
,, ഷാഫി പറമ്പില്‍
,, അന്‍വര്‍ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭാഗപത്രങ്ങളുടെ രജിസ്ട്രേഷന്‍ ഫീസ് കുറയ്ക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട്?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷന്‍ ഓണ്‍ലൈന്‍ വഴിയും, മുദ്രപത്രങ്ങള്‍ ചെലാന്‍ വഴിയും നല്‍കുന്ന സംവിധാനം</u>

4450 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രജിസ്ട്രേഷന്‍ ഡിപ്പാര്‍ട്ട്മെന്റിലെ കമ്പ്യൂട്ടര്‍വല്‍ക്കരണം ഏത് ഘട്ടത്തിലാണ്;

(ബി) രജിസ്ട്രേഷന്‍ ഓണ്‍ലൈന്‍ വഴിയും, മുദ്രപത്രങ്ങള്‍ ചെലാന്‍ വഴിയും നല്‍കുന്ന സംവിധാനം ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ബാദ്ധ്യതാ സര്‍ട്ടിഫിക്കറ്റും, ആധാരങ്ങളുടെ പകര്‍പ്പും ലഭിക്കുന്നതിന് പുതിയ സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയതുമൂലമുള്ള പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍, ഇത് പരിഹരിക്കുവാനും ആശങ്കകള്‍ അകറ്റുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

രജിസ്ട്രേഷൻ വകുപ്പിൽ 'നെറ്റ് ബാങ്കിംഗ്' സംവിധാനം

4451 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ
**ഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം പൂർണമായും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർട്ടിഫിക്കറ്റുകളുടെ ഫീസ് ഓഫീസുകളിൽ എത്തി അടയ്ക്കുന്നതിനുപകരം 'നെറ്റ് ബാങ്കിംഗ്' സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>ആധാര വിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിന് നടപടികൾ</u>

4452

ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാര വിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിനുള്ള സംവിധാനം സബ് രജിസ്ട്രാർ ഓഫീസുകളിൽ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനായി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**27.06.2013-ലെ മറുപടിക്ക്**

<u>ഭൂരഹിതരായ പട്ടികജാതിക്കാർക്ക് റജിസ്ട്രേഷൻ ഫീ ഒഴിവാക്കുന്നതു സംബന്ധിച്ച്</u>

4453 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ ഭൂരഹിതർക്ക് ഭൂമി പതിച്ചു നൽകുമ്പോൾ റജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുമോ; ഇല്ലെങ്കിൽ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) റജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ തീരിമാനമുണ്ടെങ്കിൽ ഗുണഭോക്താക്കളിൽ നിന്ന് ഇതിനകം ഈടാക്കിയ തുക തിരിച്ച് നല്കാൻ നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 27.06.2013-ലെ മറുപടിക്ക്

<u>സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹങ്ങൾ</u>

4454 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം എത്ര വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു എന്നു പറയാമോ; സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുവാൻ സബ് രജിസ്ട്രാർ ഓഫീസുകളിൽ എത്തുന്നവരെ നിരുത്സാഹപ്പെടുത്തുവാനും സാങ്കേതികത്വങ്ങൾ പറഞ്ഞ് മടക്കുവാനും സബ് രജിസ്ട്രാർമാരും, എസ്. ആർ.ഒ ജീവനക്കാരും ശ്രമിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതികൾ പരിഹരിക്കുമോ?